**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5291** **02-11-2021 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തുകളിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിലേക്ക് കളിസ്ഥലങ്ങൾ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; എത്ര തുകയാണ് ഒരു കളിസ്ഥലത്തിന് പരമാവധി അനുവദിക്കുകയെന്ന് അറിയിക്കാമോ; | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി തുക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ ആസ്തിവികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയ്ക്കായി വിശദമായ മാനദണ്ഡങ്ങൾ നിലവിലില്ല. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 60 കളിസ്ഥലങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിലുള്ള കളിസ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണത്തിന്റെ ഭാഗമായി കായികയുവജനകാര്യ ഡയറക്ടറേറ്റിന്റെ കീഴിൽ ഒരു ഓൺലൈൻ ഗൂഗിൾ ഫോം സർവ്വേ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഗൂഗിൾ ഫോം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതും |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണനയിലാണ്. പദ്ധതി ബന്ധപ്പെട്ട എം.എൽ.എമാർ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ദേശീയ കായിക മത്സരങ്ങളിൽ മികവ് പുലർത്താനാകുന്ന കായിക ഇനങ്ങളുടെ പരിശീലന സൗകര്യങ്ങൾ ഇത്തരം കളിസ്ഥലങ്ങളിൽ ഏർപ്പെടുത്തുമോ; ഇത്തരത്തിൽ കളിസ്ഥലങ്ങൾ സജ്ജീകരിക്കാനാവുമോ എന്നറിയിക്കാമോ; | (സി) | പരിശോധിക്കാവുന്നതാണ്. |
| (ഡി) | തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലസൗകര്യങ്ങളുള്ള സ്കൂൾ ഗ്രൗണ്ടുകൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനാവുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പ്രദേശത്തെ സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണിക്കുന്നതാണ്. പദ്ധതി ബന്ധപ്പെട്ട ജനപ്രതിനിധികൾ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ